കുടുംബശ്രീ
# പ്രതിധ്വനി

KUDUMBASHREE
www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 40


# 'എറൈസ്' സജീവമാകുന്നു

കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടായ വീടുകൾ വാസയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ 'എറൈസ്' മൾട്ടി ടാസ്ക് ടീമുകൾ സജീവമാകുന്നു. 2018ലെ പ്രളയത്തിന് ശേഷം ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നത് ലക്ഷ്യമിട്ടാണ് കുടുംബശ്രീ എറൈസ് (ARISE- Acquiring Resilience and Identity through Sustainable Employment) എന്ന പരിശീലന പദ്ധതിക്ക് തുടക്കമിട്ടത്. ഏറ്റവും കൂടുതൽ തൊഴിൽസാധ്യതയുണ്ടെന്ന് സർവ്വേ മുഖേന കണ്ടെത്തിയ പ്ലംബിങ്, ഇലക്ട്രോണിക്സ് റിപ്പയറിങ്, ഇലക്ട്രിക്കൽ, ഡേ കെയർ, ഹൗസ് കീപ്പിങ് എന്നീ മേഖലകളിൽ പരിശീലനം നൽകി മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയാണ് എറൈസ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിൽ പ്ലംബിങ്, ഇലക്ട്രോണിക്സ് റിപ്പയറിങ്, ഇലക്ട്രിക്കൽ മേഖലകളിൽ പരിശീലനം നേടിയവരെ ഉൾപ്പെടുത്തി 60 പഞ്ചായത്തുകളിലായി 90 മൾട്ടി ടാസ്ക് ടീമുകൾ ഇതുവരെ രൂപീകരിച്ചു. ഈ ടീമുകളാണ് പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജോലികൾ ചെയ്തു വരുന്നത്. ഓഗസ്റ്റ് 19 വരെയുള്ള കണക്കുകൾ അനുസരിച്ച് കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കോട്ടയം, എറണാകുളം, ആലപ്പുഴ,









തൃശ്ശൂർ, ഇടുക്കി, കാസറഗോഡ് എന്നീ 11 ജില്ലകളിലായി 43 ടീമുകൾ 264 വീടുകൾ/പൊതു ഓഫീസുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്തുകഴിഞ്ഞു. കേടുപാടുകൾ സംഭവിച്ച സ്വിച്ച് ബോർഡ്, മോട്ടോർ, ഫ്രിഡ്ജും വാഷിങ് മെഷീനുമടക്കമുള്ള വീട്ടുപകരണങ്ങൾ, വയറിങ് തുടങ്ങിയവയുടെ അറ്റകുറ്റപ്പണികളാണ് ചെയ്തുവരുന്നത്.

അറ്റകുറ്റപ്പണികൾക്കായി എറൈസ് ടീമുകളെ ഉപയോഗിക്കാമെന്ന ഉത്തരവ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകിയിരുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രത്യേക അഭ്യർത്ഥന അനുസരിച്ചാണ് ഈ ഉത്തരവുണ്ടായത്. ഓരോ പഞ്ചായത്തിലും അറ്റകുറ്റപ്പണികൾ നടത്താനുള്ള ടീമുകളുടെ ലിസ്റ്റ് ജില്ലാമിഷൻ തയ്യാറാക്കുകയും അത് ജില്ലാ കളക്ടർക്കും പഞ്ചായത്ത് പ്രസിഡന്റുമാർക്കും കൈമാറുന്നു. ബ്ലോക്ക് കോർഡിനേറ്റർമാർ വഴി ഓരോ പഞ്ചായത്തിലും അറ്റകുറ്റപ്പണികൾ നടത്തേണ്ട വീടുകളുടെ പട്ടിക തയ്യാറാക്കി അതനുസരിച്ചാണ് ടീം പ്രവർത്തനം നടത്തുന്നത്.

ഒക്ടോബറിൽ നടത്തിയ സർവ്വേയ്ക്ക് ശേഷം 2018 ഡിസംബർ മുതലാണ് എറൈസ് പരിശീലന പദ്ധതി ആരംഭിച്ചത്. വിവിധ തൊഴിൽ മേഖലകളിൽ കുടുംബശ്രീ എംപാനൽ ചെയ്ത 35 ഏജൻസികൾ വഴിയാണ് ഓരോ ജില്ലയിലും പരിശീലനം നൽകി വരുന്നത്. ഇലക്ട്രോണിക്സ് റിപ്പയറിങ്, ഇലക്ട്രിക്കൽ വർക്ക്, പ്ലംബിങ് മേഖലകളിൽ പരിശീലനം നേടിയവരെ ചേർത്ത് തയ്യാറാക്കിയ മൾട്ടി ടാസ്ക്ക് ടീമുകളുടെ സംസ്ഥാനതല സംഗമം ജൂലൈയിൽ സംഘടിപ്പിച്ചിരുന്നു. ചടങ്ങിൽ ഇവർക്ക് പ്രത്യേക യൂണിഫോമും നൽകി. എറൈസ് ടെക്നീഷ്യൻ എന്ന പേരിലാണ് ടീം അംഗങ്ങൾ അറിയപ്പെടുന്നത്. ഭാവിയിൽ ഇവർക്ക് റിപ്പയറിങ്ങിനുള്ള ടൂൾ കിറ്റും വാഹനം വാങ്ങാൻ പലിശ സബ്സിഡിയും നൽകാനും കുടുംബശ്രീ ലക്ഷ്യമിടുന്നു. കൂടുതൽ തൊഴിൽ വൈദഗ്ധ്യം നേടുന്നതിനായി 400 മണിക്കൂറുള്ള തുടർ പരിശീലനം നൽകുകയും ചെയ്യും. 22 ഗവൺമെന്റ് ഐ.ടി.ഐകളുമായി ഇതിന് കുടുംബശ്രീ ധാരണയിലുമെത്തിയിട്ടുണ്ട്. ടീം അംഗങ്ങൾക്ക് അക്രഡിറ്റേഷൻ നൽകാനും ഈ വർഷം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ ഒരു മൾട്ടി ടാസ്ക് ടീമെങ്കിലും രൂപീകരിക്കുകയും ചെയ്യാനാണ് കുടുംബശ്രീ ലക്ഷ്യമിട്ടിരിക്കുന്നത്.

'കേരള ചിക്കൻ' പദ്ധതി:

## കർഷകർക്ക് 10 ലക്ഷം വരെ ഈടില്ലാതെ വായ്പ നൽകാൻ ബാങ്ക് ഓഫ് ഇന്ത്യയുമായി ധാരണ



കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന 'കേരള ചിക്കൻ' പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കർഷകർക്ക് പത്ത് ലക്ഷം രൂപ വരെ ഈടില്ലാതെ ബാങ്ക് വായ്പ നൽകുന്നതിന് കുടുംബശ്രീയും ബാങ്ക് ഓഫ് ഇന്ത്യയും കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡും (കെ.ബി.എഫ്.പി.സി.എൽ) തമ്മിൽ ത്രികക്ഷി കരാറിലെത്തി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐ എ എസ്, ബാങ്ക് ഓഫ് ഇന്ത്യ കേരള സോണൽ മാനേജർ വി. മഹേഷ് കുമാർ, കെ.ബി.എഫ്.പി.സി.എൽസി.ഇ.ഒയും കുടുംബശ്രീ പ്രോഗ്രാം ഓഫീസറുമായ ഡോ. നികേഷ് കിരൺ എന്നിവർ ചേർന്ന് കരാറിലൊപ്പുവച്ചു. ഗുണമേന്മയേറിയ ഇറച്ചിക്കോഴി മിതമായ നിരക്കിൽ കേരളത്തിലെവിടെയും ആവശ്യക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ 1000 കർഷകർക്കാകും വായ്പ നൽകുക. പൗൾട്രി ഫാമുകൾ ആരംഭിക്കാനോ വിപുലീകരിക്കാനോ ഈ തുക ഉപയോഗിക്കാം. മൂന്ന് ലക്ഷം രൂപ വരെ 9.95% പലിശനിരക്കിലും മൂന്ന് ലക്ഷത്തിന് മുകളിൽ പത്ത് ലക്ഷം രൂപ വരെ 10.1% പലിശ നിരക്കിലുമാകും വായ്പ നൽകുക.

തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ആധുനിക പൗൾട്രി പ്രോസസിങ് പ്ലാന്റുകളും ബ്രോയിലർ സ്റ്റോക്ക് പേരന്റ് ഫാമുകളും ആരംഭിക്കും. തിരുവനന്തപുരത്തെ മേഖലാ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. എല്ലാ ജില്ലകളിലും കേരള ചിക്കൻ വിപണന കേന്ദ്രങ്ങളും ആരംഭിക്കും. 1100 പേർ ഇതുവരെ സംരംഭം തുടങ്ങാൻ മുന്നോട്ടു വന്നിട്ടുണ്ട്. 1000 കോഴികളെ വളർത്താൻ കഴിയുന്ന 5000 കർഷകരെ ഈ മേഖലയിലേക്ക് എത്തിച്ച് അവരെ മികച്ച സംരംഭകരാക്കി മാറ്റുകയാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. നിരവധി പേർക്ക് ഇതുവഴി ഉപജീവന മാർഗ്ഗം നൽകാനും കഴിയും. 150 ഫാമുകളിലായി 1.50 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ പദ്ധതിയുടെ ഭാഗമായി വളർത്തിത്തുടങ്ങിക്കഴിഞ്ഞു. സെപ്റ്റംബറോടെ കേരള ചിക്കൻ ബ്രാൻഡിൽ ഇറച്ചിക്കോഴി വിപണിയിലെത്തിക്കും. ഉത്പാദനം വർദ്ധിക്കുന്നതോടെ ക്രമേണ ഇതര സംസ്ഥാനത്തു നിന്നെത്തുന്ന ഇറച്ചിക്കോഴിയുടെ ഉപഭോഗം പൂർണ്ണമായും കുറയ്ക്കാനാകും.

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായ ഫാമുകളിൽ നിന്ന് ഇറച്ചിക്കോഴികളെ വാങ്ങി പ്രോസസ് ചെയ്ത് ഫ്രോസൺ ഇറച്ചിയായി വിൽക്കുന്നതിന് കെപ്കോ (കേരള പൗൾട്രി വികസന കോർപ്പറേഷൻ)യും മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ(എം.പി.ഐ)യുമായി കുടുംബശ്രീ ധാരണയിലെത്തിയിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ 55 യൂണിറ്റുകളിൽ നിന്നാണ് കെപ്കോ ഇറച്ചിക്കോഴികളെ വാങ്ങുക. എറണാകുളം, കോട്ടയം ജില്ലകളിൽ നിന്നുള്ള 100 യൂണിറ്റുകളിൽ നിന്നാണ് എം.പി. ഐ ഇറച്ചിക്കോഴികളെ വാങ്ങുന്നത്.

ചടങ്ങിൽ കുടുംബശ്രീ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ അരുൺ പി. രാജൻ, അനന്തു മാത്യു ജോർജ്ജ്, ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം ഏരിയ മാനേജർ ജോർജ്ജ് വർഗ്ഗീസ്, സീനിയർ മാനേജർ ആർ. രാജേഷ്, കെ.ബി.എഫ്.പി.സി.എൽ മാർക്കറ്റിങ് മാനേജർമാരായ കിരൺ എം സുഗതൻ, രമ്യ ശ്യാം, ചീഫ് അക്കൗണ്ടന്റ് സിറിൽ കമൽ, പ്രോസസിങ് മാനേജർ ഡോ. ശിൽപ്പ ശശി എന്നിവരും പങ്കെടുത്തു.

## കണ്ണൂർ കളക്ടറേറ്റ് ജീവനക്കാർക്ക് പേപ്പർ പേന നിർബന്ധം; പേനകൾ ബഡ്സിൽ നിന്ന്



കണ്ണൂർ കളക്ടറേറ്റ് ജീവനക്കാർക്ക് പേപ്പർ പേന നിർബന്ധമാക്കി. പദ്ധതിയുടെ ഉദ്ഘാടനം ഓഗസ്റ്റ് ഒന്നിന് ജില്ലാ കളക്ടർ ടി വി സുഭാഷ് നിർവഹിച്ചു. പ്ലാസ്റ്റിക് പേനകൾ ഉപയോഗശേഷം വലിച്ചെറിയുന്നതിലൂടെയുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായാണ് കളക്ടറേറ്റ് ജീവനക്കാർക്ക് പേപ്പർ പേന നിർബന്ധമാക്കിയിരിക്കുന്നത്. ആവശ്യമായ പേനകൾ കണ്ണൂർ കുടുംബശ്രീ മിഷന് കീഴിലുള്ള ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾ നിർമ്മിച്ചു നൽകും. എട്ട് രൂപ മുതലുള്ള നിരക്കിൽ പേനകൾ ജീവനക്കാർക്ക് ലഭിക്കും. പേപ്പർ പേനകൾ ഗവ.സെർവന്റ്സ് കൺസ്യൂമർ സൊസൈറ്റിയിൽ കുടുംബശ്രീക്ക് അനുവദിച്ച നാനോ മാർക്കറ്റ് വഴി വിൽപ്പന നടത്തും. കൺസ്യൂമർ സൊസൈറ്റിക്ക് പുറമെ സിവിൽ സ്റ്റേഷൻ അനക്സിലെ മിൽമ ബൂത്ത് വഴിയും പേന വിൽപ്പന നടത്താൻ ആലോചനയുണ്ട്. പേപ്പർ പേനകളോടൊപ്പം കളക്ടറേറ്റ് പരിസരത്തു പ്ലാസ്റ്റിക് ഉപയോഗം പൂർണ്ണമായും നിയന്ത്രിക്കുന്നതിന് തുണി സഞ്ചികൾ, പേപ്പർ ബാഗുകൾ, ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾ നിർമ്മിക്കുന്ന കുടകൾ, പേപ്പർ ഫയലുകൾ തുടങ്ങിയവയും ഇവിടെ വിൽപ്പനക്കായി എത്തിച്ചിട്ടുണ്ട്.

ഗവൺമെന്റ് സെർവന്റ്സ് കൺസ്യൂമർ സൊസൈറ്റിയിൽ നടന്ന ചടങ്ങിൽ എഡിഎം ഇ.പി. മേഴ്സി, ജില്ലാ ഫിനാൻസ് ഓഫീസർ പി.വി. നാരായണൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.കെ. പത്മനാഭൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.എം. സുർജിത്ത്, സാമൂഹ്യ വികസനം ജില്ലാ പ്രോഗ്രാം മാനേജർ അപർണ, ആസൂത്രണ സമിതി അംഗം കെ.വി. ഗോവിന്ദൻ, കളക്ടറേറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## കോട്ടയത്ത് 'പത്തായം' തുറന്നു

കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ കാർഷിക ഉൽപ്പന്നങ്ങളും സംരംഭകരുടെ മായം കലരാത്ത തനത് ഉത്പന്നങ്ങളും വിൽക്കുന്നതിനായി കോട്ടയം കളക്ടറേറ്റ് ക്യാമ്പസിൽ പത്തായം എന്ന ഒരു സ്ഥിര വിപണന കേന്ദ്രം ആരംഭിച്ചു. കർഷക ദിനമായ ചിങ്ങം ഒന്നിന് കോട്ടയം ജില്ലാ കളക്ടർ സുധീർ ബാബു ഉദ്ഘാടനം നിർവഹിച്ചു.

കോട്ടയം മുനിസിപ്പൽ സി.ഡി. എസുകളിലെയും സമീപ പഞ്ചായത്തുകളായ വിജയപുരം, പുതുപ്പള്ളി, പനച്ചിക്കാട്, കുറിച്ചി, അയർക്കുന്നം, ഏറ്റുമാനൂർ, തിരുവാർപ്പ്, കുമരകം, അതിരമ്പുഴ എന്നീ പഞ്ചായത്തകളിൽ നിന്നാണ് ഉത്പന്നങ്ങൾ ലഭ്യമാക്കുന്നത്. കോട്ടയം സിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകളിലേക്ക് ഓർഡർ




അനുസരിച്ചു പച്ചക്കറി കിറ്റുകൾ എത്തിക്കുന്നതിനും ലക്ഷ്യമിടുന്നു.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S, E-mail: prteamkshreeho@gmail.com